"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

**സംഗ്രഹം**

പൊതുഭരണ വകുപ്പ് -കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ വാടക തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ- എ) വകുപ്പ്**

സ.ഉ.(സാധാ) നം.5089/2026/GAD തീയതി,തിരുവനന്തപുരം, 30-09-2026

---

പരാമർശം:- 1. സ.ഉ. (സാധാ) നം .4526/2026/പൊ.ഭ .വ. തീയതി 20.08.2026

2. ശ്രീ. ഷാഹൽ ഹമീദ് സമർപ്പിച്ചിട്ടുള്ള 22.09.2026 തീയതിലെ കത്ത്

**ഉത്തരവ്**

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വിവിധ ആവശ്യങ്ങൾക്കായി പ്രതിമാസം 25,500/- രൂപ നിരക്കിൽ രണ്ട് മാസത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ വാഹനം ലഭ്യമാക്കുന്നതിന് പരാമർശം (1) പ്രകാരം ശ്രീ. ഷാഹൽ ഹമീദ് എന്ന വ്യക്തിയുമായി സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ട്. അതുപ്രകാരം 22.08.2026 മുതൽ 22.09.2026 വരെ ഒരു മാസം വാഹനം ഓടിയ ഇനത്തിലുള്ള വാടക അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ശ്രീ. ഷാഹൽ ഹമീദ് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത കാലയളവിൽ ടി വാഹനം ചുവടെ വിവരിച്ചിരിക്കുന്ന പ്രകാരം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വിവിധ ആവശ്യങ്ങൾക്കായി ഓടിയിട്ടുള്ളതായി പൊതുഭരണ (ഹൗസ് കീപ്പിംഗ് -ബി) വകുപ്പ് സ്റ്റോർ സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കാലയളവ് | മീറ്റർ റീഡിംഗ് (കി.മീ.) | അധികം ഓടിയ ദൂരം (കി.മീ.) | തുക (രൂപയിൽ) |
|---|---|---|---|---|
| 1 | 22.08.2026 മുതൽ 22.09.2026 വരെ | 80 | 0 | 25,500/- |
| | | | ആകെ | 25,500/- |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 22.08.2026 മുതൽ 22.09.2026 വരെ ഒരു മാസം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വിവിധ ആവശ്യങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിരുന്ന വാഹനം ഓടിയ വകയിലുള്ള വാടകയായി ആകെ ₹25,500/- (ഇരുപത്തയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി "2052-090-99-05-ഒ.ഇ.-4-മറ്റിനങ്ങൾ"എന്ന കണക്ക ശീർഷകത്തിൽ നിന്നും ആകെ 25,500/- രൂപ മാറി ശ്രീ. ഷാഹുൽ ഹമീദിന്റെ പേരിലുള്ള A/c No 5842101000521 (IFSC – CNRB 0005842) നമ്പർ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
അഡിഷണൽ സെക്രട്ടറി

1. ഷാഹുൽ ഹമീദ്, TC 20-2410, ബൈത്തുൽ ഷാഹിന, കൽപ്പാളയം, കരമന പി.ഒ. തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ എ&ഇ), കേരള,തിരുവനന്തപുരം.
4. പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ്.
5.സബ് ട്രഷറി ഓഫീസ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
6.വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
(വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം
Digitally signed by
Bindu B S
Date: 30-09-2026
10:34:28
സെക്ഷൻ ഓഫീസർ